**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2395** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>കുട്ടോത്ത്-അട്ടക്കുണ്ട് റോഡുമായി ബന്ധപ്പെട്ട് നടത്തിയ ട്രാഫിക് സ്റ്റഡി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന കുട്ടോത്ത്-അട്ടക്കുണ്ട് റോഡുമായി ബന്ധപ്പെട്ട് നടത്തിയ ട്രാഫിക് സ്റ്റഡി റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ വീതി നിശ്ചയിച്ചിട്ടുള്ളത് ഏത് മാനദണ്ഡപ്രകാരമാണെന്നും ഇത്തരത്തിൽ ട്രാഫിക് പഠനങ്ങൾ നടത്തുമ്പോൾ ഐ.ആർ.സി. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് കൂടി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കുറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത് അട്ടക്കുണ്ട്കടവ് റോഡ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്ക് 01-12-2020 ന് 10 കോടി രൂപയ്ക്ക് അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 18-11-2021 ൽ 2,69,90,000/- രൂപയുടെ ധനാനുമതിയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്.

24-02-2022 തീയതിയിൽ കിഫ്ബി സി.ഇ.ഒ യുടെ അധ്യക്ഷതയിലും ബഹു: കുറ്റിയാടി എം എൽ എ യുടെ സാന്നിധ്യത്തിലും കൂടിയ യോഗത്തിൽ പ്രസ്തുത റോഡിന്റെ ROW തീരുമാനിക്കുന്നതിലെ അനശ്ചിതത്വം പരിഹരിക്കുന്നതിന് വേണ്ടി കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ പിന്തുണയോടെ എസ്.പി.വി. ഒരു ട്രാഫിക് സർവേ നടത്തണമെന്ന തീരുമാനിച്ചു. പ്രസ്തുത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ട്രാഫിക് സർവേ നടത്തി, 5 വർഷത്തെ നടപ്പാക്കൽ കാലയളവിലും (ഭൂമി ഏറ്റെടുക്കലും നിർമ്മാണവും ഉൾപ്പെടെ) 15 വർഷത്തെ ഡിസൈൻ ആയുസ്സിലും പ്രതീക്ഷിക്കുന്ന പരമാവധി ദൈനംദിന ഗതാഗതം രണ്ട് സ്ഥലങ്ങളിൽ പ്രതിദിനം 3708 പി.സി.യുവും പ്രതിദിനം 3560 പി.സി.യുവുമാണെന്ന് കണ്ടെത്തുകയും ചെയ്തു. തുടർന്ന് പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ കിഫ്ബി മാനദണ്ഡപ്രകാരം പ്രതിദിന ഗതാഗതം 5000 പി.സി.യുവിൽ താഴെ ആയതിനാൽ ROW 10 മീറ്റർ ആയി നിശ്ചയിച്ചു കൊണ്ട് 30-01-2023ൽ കിഫ്ബിയിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത ട്രാഫിക് പഠനം പ്രകാരം റോഡിന്റെ രണ്ട് ഭാഗങ്ങളിൽ വ്യത്യസ്ത ട്രാഫിക് വോളിയം വരുന്ന സാഹചര്യങ്ങളിൽ വീതി നിശ്ചയിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കുറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത് അട്ടക്കുണ്ട്കടവ് റോഡ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്ക് 01-12-2020 ന് 10 കോടി രൂപയ്ക്ക് അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 18-11-2021 ൽ 2,69,90,000/- രൂപയുടെ ധനാനുമതിയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്.

24-02-2022 തീയതിയിൽ കിഫ്ബി സി.ഇ.ഒ യുടെ അധ്യക്ഷതയിലും ബഹു: കുറ്റിയാടി എം എൽ എ യുടെ സാന്നിധ്യത്തിലും കൂടിയ യോഗത്തിൽ പ്രസ്തുത റോഡിന്റെ ROW തീരുമാനിക്കുന്നതിലെ അനശ്ചിതത്വം പരിഹരിക്കുന്നതിന് വേണ്ടി കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ പിന്തുണയോടെ എസ്.പി.വി. ഒരു ട്രാഫിക് സർവേ നടത്തണമെന്ന തീരുമാനിച്ചു. പ്രസ്തുത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ട്രാഫിക് സർവേ നടത്തി, 5 വർഷത്തെ നടപ്പാക്കൽ കാലയളവിലും (ഭൂമി ഏറ്റെടുക്കലും നിർമ്മാണവും ഉൾപ്പെടെ) 15 വർഷത്തെ ഡിസൈൻ ആയുസ്സിലും പ്രതീക്ഷിക്കുന്ന പരമാവധി ദൈനംദിന ഗതാഗതം രണ്ട് സ്ഥലങ്ങളിൽ പ്രതിദിനം 3708 പി.സി.യുവും പ്രതിദിനം 3560 പി.സി.യുവുമാണെന്ന് കണ്ടെത്തുകയും ചെയ്തു. തുടർന്ന് പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ കിഫ്ബി മാനദണ്ഡപ്രകാരം പ്രതിദിന ഗതാഗതം 5000 പി.സി.യുവിൽ താഴെ ആയതിനാൽ ROW 10 മീറ്റർ ആയി നിശ്ചയിച്ച് കൊണ്ട് 30-01-2023ൽ കിഫ്ബിയിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**